# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2056 18.07.2016 – ൽ മറുപടിക്ക്**

## റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. പി. ടി. തോമസ് : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്തെ റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുവാൻ വേണ്ടി MORTH Specification പ്രകാരം റോഡുകൾ ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നീ നിലവാരത്തിൽ നിർമ്മിച്ച് ഉപയോഗിച്ചുവരുന്നു.<br>സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ ദേശീയ നിലവാരത്തിൽ ഉയർത്തുവാൻ ഉദ്ദേശിച്ചുള്ള കർമ്മപദ്ധതികളിൽ പെട്ട ഒന്നാണ് സ്റ്റേറ്റ് റോഡ് ഇപ്രൂവ്മെന്റ് പദ്ധതി (SRIP). റോഡുകൾ ഏറ്റെടുത്ത് പി.പി.പി / ആന്യുറ്റി രീതിയിൽ 13 വർഷ പരിപാലന വ്യവസ്ഥയോടെ കരാർ നൽകി വികസിപ്പിക്കുവാനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുള്ള ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കൺസെഷനെയർ കമ്പനികളുമായി എഗ്രിമെന്റ് ഒപ്പ് വെച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും |

| | | | |
|---|---|---|---|
| | | | പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് SRIP പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 469 കി. മീ. റോഡുകൾ ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന റീഹാബിലിറ്റേഷൻ പാക്കേജിലും, വീതി കൂട്ടുന്നതിനും, വളവുകൾ നിവർത്തുന്നതിനും, ജംഗ്ഷൻ ഇപ്രൂവ്മെന്റിനായി അത്യാവശ്യം ഭൂമി ഏറ്റെടുക്കൽ വേണ്ടി വരുന്ന 621 കി.മീ. റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ റോഡുകൾ നവീകരിക്കുന്നതിനാണ് അപ്ഗ്രഡേഷൻ പാക്കേജിൽ വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ? | (സി) | സ്റ്റേറ്റ് ഹൈവേകൾ, പ്രധാന ജില്ലാ റോഡുകൾ എന്നിവ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന് വേണ്ടി സ്ഥല ലഭ്യത, വാഹനങ്ങളുടെ എണ്ണം മുതലായവ കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കുകയും, നടപ്പാത, ബസ് ബേ, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എല്ലാ റോഡു കളും ബി.എം,ബി.സി ചെയ്ത് ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ